(സി) ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പ്രത്യേക പരിപാടി ഇല്ല. എന്നാൽ വ്യവസായികളുടെ ആവശ്യാനുസരണം കൽക്കരി (കോക്ക് ആൻറ് കോക്ക്) ഇപ്പോഴും തന്നെ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി, സി) ഉദിക്കുന്നില്ല.

കഴക്കൂട്ടത്തെ ആസ്പിരിൻ പ്ലാൻറ്

252 [275] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ആസ്പിരിൻ പ്ലാൻറിൻെറ പണി എത്രത്തോളമായി;

(ബി) അതിൻെറ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസ്പിരിൻ പ്ലാൻറിൻെറ കെട്ടിടങ്ങളുടെ പണി 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഏകദേശം 60 ശതമാനം യന്ത്രസാമഗ്രികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതിൽ പകുതിയോളം കമ്പനി പരിസരത്തിൽ എത്തിക്കഴിഞ്ഞു. കമ്പനിക്ക് വേണ്ടതായ വൈദ്യുതി, ജലം മുതലായ അവശ്യസേവനങ്ങൾക്കുവേണ്ട ഇടപാടുകൾ കമ്പനി പൂർത്തിയാക്കിയിട്ടുണ്ട്. യന്ത്രങ്ങളുടെ ഇലക്ഷൻ ജോലി ഈ മാസാവസാനത്തോടെ ആരംഭിക്കുന്നതാണ്.

(ബി) പ്ലാൻറിൻെറ പരീക്ഷണപ്രവർത്തനം ഈ വർഷാവസാനം തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്

253 [276] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ''സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്'' എന്ന പൊതുമേഖലാ സ്ഥാപനത്തിൽ ആകെയുള്ള ജീവനക്കാർ എത്ര; തൊഴിലാളികൾ എത്ര; സ്റ്റാഫ് എത്ര; മാനേജർ വിഭാഗം എത്ര;

(ബി) ഇവരിൽ ഓരോ വിഭാഗത്തിനും ഒരു മാസം വേണ്ടിവരുന്ന ശമ്പളം എത്ര?

ഉത്തരം

(എ) ആകെ ജീവനക്കാർ 235. അതിൽ തൊഴിലാളികൾ 159. സ്റ്റാഫ് 56. മാനേജർ വിഭാഗം 23.

(ബി) ഇവരിൽ ഓരോ വിഭാഗത്തിനും ഒരു മാസം വേണ്ടിവരുന്ന ശമ്പളം താഴെ പറയും പ്രകാരമാണ്.

തൊഴിലാളികൾ—1,43,000 (ഒരു ലക്ഷത്തി നാൽപ്പത്തി മൂന്നായിരം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ്—1,03,000 (ഒരു ലക്ഷത്തി മൂവായിരം രൂപ)
മാനേജർ വിഭാഗം—74,000 (എഴുപത്തി നാലായിരം രൂപ)

ചെറുകിട വ്യവസായ യൂണിറ്റുകൾ

254 [277] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രവർത്തനം തുടങ്ങിയ ചെറുകിടവ്യവസായ യൂണിറ്റുകൾ എത്ര;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകളിൽ 'പീഡിതം' എന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവ എത്ര;

(സി) ചെറുകിടവ്യവസായ യൂണിറ്റുകളിൽ പ്രവർത്തനം പൂർണ്ണമായി നിലച്ചവ എത്ര?

ഉത്തരം

(എ) 35,404

(ബി, സി) ചെറുകിട വ്യവസായ യൂണിറ്റുകളിൽ പൂർണ്ണമായി നിലച്ചവ 6001 എണ്ണവും, പീഡിതം മാത്രമായത് 1762 ഉം അടക്കം രണ്ടിനങ്ങളിലുംകൂടി ഉൾപ്പെടുന്നത് മൊത്തം 7762 യൂണിറ്റുകളാണ്.

കശുവണ്ടി ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനുള്ള നടപടി

255 [280] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സീസണിൽ അടച്ചിട്ടിരുന്ന കശുവണ്ടി ഫാക്ടറികളിൽ ഏതെങ്കിലും സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുത്തു പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇതുവരെയായി എത്ര സംഘങ്ങൾ രൂപീകരിച്ചു എന്നും അവ ഏതിടത്തെയെല്ലാമാണെന്നും എത്ര ഫാക്ടറികൾ നടത്തുന്നുണ്ടെന്നും, വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഒൻപതു സംഘങ്ങൾ രൂപീകരിച്ചു. താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

1. നാവായിക്കുളം
2. ചാത്തന്നൂർ
3. ചെമ്മനാട്
4. ചാത്തിനംകുളം
5. പെരിനാട്
6. കിളിക്കൊല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly